(ബി) മെഡിക്കൽ കോളേജ് സ്പെഷ്യൽ ഓഫീസർ യാതൊരു മാനദണ്ഡവും പാലിക്കാതെ നിയമനങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതു നിയമനങ്ങളാണ് ഇത്തരത്തിൽ നടത്തിയിട്ടുള്ളത്;

(ഡി) നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിന് ശുപാർശ ചെയ്യുമോ;

(ഇ) ഇപ്പോൾ നിയമിച്ചിട്ടുള്ളവരെ പി.എസ്.സി. നിയമനം നടക്കുന്ന മുറയ്ക്ക് ഒഴിവാക്കുമോ ;

(എഫ്) പാലക്കാട് മെഡിക്കൽ കോളേജിലെ നിയമനത്തിലെ ക്രമക്കേടുകൾ അന്വേഷിക്കുന്നതിന് സർക്കാർ അന്വേഷണ ഏജൻസിയെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ-സി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിക്കുന്നതിനായി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി സ്പെഷ്യൽ ഓഫീസർ ഒരു സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് സെലക്ഷൻ നടത്തിയാണ് നിയമനങ്ങൾ നൽകിയിട്ടുള്ളത്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ&എഫ്) ഇല്ല.

ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി നൽകുന്നതിനുള്ള പദ്ധതി

269(970) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി നൽകുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഭൂരഹിതരും 50,000 രൂപയിൽ കുറവ് വാർഷിക വരുമാനമുള്ളവരുമായ പട്ടികജാതി കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിക്കുകയും എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും ഭൂമിയും വീടും ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

(സി) 2015-16 സാമ്പത്തിക വർഷം ഭൂരഹിത പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിനായി 150 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഓരോ ജില്ലകൾക്കും ഭൗതികലക്ഷ്യം നിർണ്ണയിച്ച് ധനസഹായം അനുവദിച്ചുവരുന്നു. പുതുക്കി നിശ്ചയിച്ച പ്രകാരം ഈ പദ്ധതിക്ക് താഴെപറയും പ്രകാരം ധനസഹായം അനുവദിച്ചുവരുന്നു.

പ്രദേശം	നിരക്ക് (സെന്റിന്)	ഭൂവിസ്തൃതി (കുറഞ്ഞത്)	ആകെ തുക (രൂപ)
ഗ്രാമം	75,000	5 സെന്റ്	3,75,000
മുനിസിപ്പാലിറ്റി	1,50,000	3 സെന്റ്	4,50,000
കോർപ്പറേഷൻ	2,00,000	3 സെന്റ്	6,00,000

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഭൂമി

270(971) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര ഭൂരഹിതർ ഉണ്ടെന്നാണ് ഇതുവരെ കണ്ടെത്തിയിട്ടുള്ളത്; ഇതുസംബന്ധിച്ച് അവസാനം വിവരങ്ങൾ ശേഖരിച്ചത് എപ്പോഴാണ്; ഭൂരഹിതരുടെ എണ്ണം ജില്ല തിരിച്ച വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികളിലൂടെ ഭൂരഹിതരായ എത്ര പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമി നൽകിയിട്ടുണ്ട്; വർഷം, പദ്ധതിയുടെ പേര്, നൽകിയ ഭൂമിയുടെ അളവ്, ഗുണഭോക്താക്കളുടെ എണ്ണം, റ്റൈറ്റിൽ നൽകിയവരുടെ എണ്ണം, പട്ടയം ലഭിച്ചവരുടെ എണ്ണം എന്നിവ ജില്ല തിരിച്ച് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly